# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3965** **21.10.2016 ൽ മറുപടിയ്ക്ക്**

## പഞ്ചായത്ത് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) | |
| എ) | സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | എ) | ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് കൃത്യതയുള്ള സേവനം വേഗത്തിൽ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഫീസുകളെ ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ ഓഫീസ് കമ്പ്യൂട്ടർവത്കരിക്കുന്നതിനും സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത സേവനങ്ങൾ ഓൺലൈൻ സേവനങ്ങളാക്കി മാറ്റുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ? | ബി) | ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മുഴുവൻ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. നിലവിൽ ജനന-മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴിയാണ് നൽകുന്നത്. ഓൺലൈൻ മുഖേന വസ്തു നികുതി ഒടുക്കവരുത്തുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സൌകര്യം ഏതാനും ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ